87 (644) **കണ്ണൂർ ജില്ലയിൽ മിച്ചഭൂമി പതിച്ച് നൽകുന്നതിന് നടപടി**

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഈ സർക്കാർ ഇതുവരെയായി എത്ര കുടുംബങ്ങൾക്ക് മിച്ചഭൂമി പതിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അവ എസ്.സി/എസ്.ടി. പൊതുവിഭാഗം എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) മിച്ചഭൂമി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ലഭിച്ച അപേക്ഷകൾ പൂർണ്ണമായും പരിഗണിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന് ഇത് കാരണമെന്താണെന്ന് വിശദീകരിക്കുമോ;

(ഇ) ബാക്കിയുള്ള അപേക്ഷകൾ എപ്പോൾ പരിഗണിക്കാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽവന്നശേഷം 1951 കുടുംബങ്ങൾക്ക് മിച്ചഭൂമി പതിച്ച് നൽകിയിട്ടുണ്ട്.

(ബി) എസ്.സി - 967
എസ്.ടി - 43
പൊതുവിഭാഗം - 941

(സി) 1,53,961 അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ഡി)&(ഇ) കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ മിച്ചഭൂമി വിതരണം ചെയ്യാൻ സാദ്ധ്യമാകുകയുള്ളൂ. അപേക്ഷകരുടെ ബാഹുല്യം കാരണം അർഹരായവരിൽനിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തവർക്കാണ് മിച്ചഭൂമി വിതരണം നടത്തിയിട്ടുള്ളത്. ബാക്കിയുള്ള അപേക്ഷകൾ ഇതോടൊപ്പം പരിഗണിക്കാൻ നിർവാഹമില്ല. എന്നാൽ അർഹരായവർക്ക് പുതിയ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുമ്പോൾ പുതിയ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

88 (645) **മാവേലിക്കരയിൽ കോളേജ് മന്ദിര നിർമ്മാണത്തിന് വേണ്ടി സ്ഥലം പതിച്ചു നൽകുന്ന നടപടി**

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ഐ.എച്ച്.ആർ.ഡി.ഇ. യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ മന്ദിര നിർമ്മാണത്തിനുവേണ്ടി സ്ഥലം പതിച്ചു നൽകുന്നതിനു എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്രയും വേഗം ഈ ആവശ്യത്തിനായി ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

89 (646) ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം സൗജന്യമായി പതിച്ചു നൽകണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടറോട് റിപ്പോർട്ടാവശ്യപ്പെട്ടിട്ടുണ്ട്.

90 (647) തൃശ്ശൂർ പബ്ലിക് ലൈബ്രറിക്ക് സ്ഥലം അനുവദിക്കുന്ന നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പബ്ലിക് ലൈബ്രറിക്ക് സ്വന്തമായി കെട്ടിടം നിർമ്മക്കുന്നതിന് സർക്കാർ സ്ഥലം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലം ഏതാണ്;

(ബി) തൃശ്ശൂർ പബ്ലിക് ലൈബ്രറിക്ക് സ്ഥലം അനുവദിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്ന സ്ഥലങ്ങൾ ഏതൊക്കെയാണ്;

(സി) പബ്ലിക് ലൈബ്രറിക്കായി നിർദ്ദേശിച്ചിരുന്ന തൃശ്ശൂർ റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ പുതിയ റസ്റ്റ് ഹൗസ് പണിയുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകിയിരുന്നോ?

ഉത്തരം

(എ) ടൗൺ ഹാൾ കോമ്പൗണ്ടിൽനിന്നും സ്ഥലം നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) ചെമ്പുകാവിലുള്ള പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് കോമ്പൗണ്ട്, ടൗൺ ഹാൾ കോമ്പൗണ്ട്.

(സി) തൃശ്ശൂർ റസ്റ്റ് ഹൗസ് കോമ്പൗണ്ട് പൊതുമരാമത്ത് വക പുറമ്പോക്ക് ഭൂമിയാകയാൽ റസ്റ്റ് ഹൗസ് പണിയുന്നതിന് റവന്യൂവകുപ്പിന്റെ അനുമതി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly